**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ ബ്ലഡ് ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ബ്ലഡ് ബാങ്കുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത ബ്ലഡ് ബാങ്കുകളിൽ അനുവദിച്ച തസ്തികകളും അവയിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണവും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജനറൽ ആശുപത്രി തസ്തിക എണ്ണം ഒഴിവ് ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) 1 0 ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ 1 1 ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് തസ്തിക എണ്ണം ഒഴിവ് ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) 1 1 ബ്ലഡ് ബാങ്ക ടെക്നീഷ്യൻ 1 1 ഇതിനു പുറമെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖാന്തിരം കാസർഗോഡ് ജനറൽ ആശുപത്രിയിൽ കൗൺസിലർ – 2, ലാബ് ടെക്നീഷ്യൻ – 1, ഡ്രൈവർ – 1, അറ്റൻഡർ – 1, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കൗൺസിലർ – 1, ലാബ് ടോക്നീഷ്യൻ – 1 എന്നീ ജീവനക്കാരും ജോലി ചെയ്തു വരുന്നുണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ വന്നിട്ട് എത്രകാലമായെന്നും അവ നികത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ഡോക്ടർ 17/03/2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതു മൂലം ഉണ്ടായ ഒഴിവ് നികത്തുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. 2016 ൽ ഒഴിഞ്ഞു കിടക്കുന്ന ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ 2 ഒഴിവുകൾ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ 22/07/2016 ൽ അറിയിച്ചതിനെത്തുടർന്ന് അതേ വർഷം തന്നെ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 2016-ൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതാണ് കാരണം. അതിനു ശേഷം കേരള പി.എസ്.സി യുടെ 05/2018 റാങ്ക് ലിസ്റ്റ് 7/4/2021 ൽ നിലവിൽ വന്നു. പ്രസ്തുത ലിസ്റ്റിൽ ആകെ 9 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടി |

| | | | |
|---|---|---|---|
| | | | വ്യക്തികൾക്ക് ഭരണ സൗകര്യാർത്ഥം മറ്റ് സ്ഥാപനങ്ങളിൽ നിയമനം നൽകുകയുണ്ടായി. നിലവിൽ ടി തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിനായി Candidate Non Availability Certificate ആവശ്യപ്പെട്ടുകൊണ്ട് കേരള പി.എസ്.സി സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിരമായി പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക് വ്യവസ്ഥയിൽ നിയമനം നൽകുന്നതാണ്. |
| (ഡി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ സ്ഥിരം മെഡിക്കൽ ഓഫീസർ തസ്തിക ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസർ ആരാണെന്നും എത്രകാലമായി ടിയാൾ അവിടെ ജോലിയിൽ തുടരുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | സ്ഥിരം മെഡിക്കൽ ആഫീസർ തസ്തിക നിലവിൽ ഉണ്ട്. ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്)-1. ടി തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നയാൾ അനധികൃതമായി ജോലിയിൽ നിന്നു വിട്ടു നിൽക്കുന്നതിനാൽ ടി ഡോക്ടർക്കെതിരെ ചട്ടപ്രകാരം ഉള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഒവിവ് നികത്തുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ അഡ്ഹോക് വ്യവസ്ഥയിൽ ഒരു ഡോക്ടർ 02/02/2022 മുതൽ ജോലി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ